

പാമ്പാടി

ബ്ലോക്ക്പഞ്ചായത്ത്

വാർഷിക ബജറ്റ്

2024-25

പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്
ബജറ്റ് 2024 - 25

കോട്ടയം ജില്ലയിൽ തികച്ചും ഗ്രാമീണ മേഖലയിൽ ഉൾപ്പെടുന്ന 8 ഗ്രാമ പഞ്ചായത്തുകൾ ഉൾപ്പെടുന്നതാണ് പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്. കാർഷിക മേഖലയിലെ തൊഴിലുകളാണ് ഈ പ്രദേശത്തെ മുഖ്യ വരുമാന മാർഗ്ഗം. റബ്ബർ, വാഴ, മരച്ചീനി, നെൽകൃഷി, തെങ്ങ്, കുരുമുളക്, കാപ്പി, ജാതി, പച്ചക്കറി തുടങ്ങിയവയാണ് പ്രധാന കൃഷികൾ. കാർഷിക മേഖലയിലെ വില തകർച്ച, കീടരോഗബാധ, വർദ്ധിച്ചുവരുന്ന കൂലി ചെലവുകൾ തുടങ്ങിയവ കൃഷിയുടെ വികസനത്തെ തെല്ലൊന്ന് ബാധിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഇടപെടലും കൃഷിക്കാരെ വളരെയധികം സഹായിക്കുന്നു എന്നത് ആശ്വാസകരമാണ്.

ബ്ലോക്ക് പഞ്ചായത്തിന്റെ കഴിഞ്ഞ 28 വർഷത്തെ പ്രവർത്തന ഫലമായി എല്ലാ മേഖലയിലും വളരെയേറെ വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഒട്ടേറെ ചുമതലകൾ കൈമാറി കിട്ടിയിട്ടുണ്ടെങ്കിലും പരിമിതമായ വിഭവങ്ങളാണ് ലഭിക്കുന്നത്. സർക്കാരിൽ നിന്നുള്ള വികസന ഫണ്ടാണ് പ്രധാന വിഭവസ്രോതസ്. എന്നിരുന്നാലും ലഭിക്കുന്ന ഫണ്ട് ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുന്ന എല്ലാ ഡിവിഷനുകളിലും ജനങ്ങൾക്ക് പരമാവധി പ്രയോജനം ലഭിക്കുന്ന പദ്ധതികൾ നടത്താൻ ഭരണസമിതിക്ക് സാധിച്ചിട്ടുണ്ട്.

2024-25 വർഷം ബ്ലോക്ക് പഞ്ചായത്തിന് വികസനഫണ്ട്/ മെയിന്റനൻസ്/ ജനറൽ പർപ്പസ് ഫണ്ടിൽ അനുവദിച്ചിട്ടുള്ള തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വികസന ഫണ്ട് (ജനറൽ)	-	2,91,51,000/-
എസ്.സി.പി	-	81,68,000/-
റ്റി.എസ്.പി	-	3,44,000/-
കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്	-	1,22,78,000/-
മെയിന്റനൻസ് ഫണ്ട്	-	1,70,76,000/-
ജനറൽ പർപ്പസ് ഫണ്ട്	-	79,17,000/-

മേൽ ലഭിക്കുന്ന ഫണ്ടിൽ നിന്നും പ്രധാനമായും ചെലവഴിക്കുന്ന പദ്ധതികളുടെ വിവരണം ചുവടെ ചേർക്കുന്നു.

കൃഷി : സമ്പദ് വ്യവസ്ഥയുടെ പ്രധാന മേഖലകളിലൊന്നാണ് കൃഷി. കൃഷി ഭാരതത്തിന്റെ സംസ്ക്കാരത്തിന്റെ ഭാഗമാണ്. പ്രദേശത്തിന്റെ വളർച്ചയ്ക്ക് കൃഷിയുടെ പ്രാധാന്യം വളരെ വലുതാണ്. അതുകൊണ്ടുതന്നെ ഈ മേഖലയെ വികസിപ്പിക്കാനുള്ള ശ്രമങ്ങൾ തുടർച്ചായായി നടത്തേണ്ടതാണ്. കൃഷിയുടെ വികസനത്തിന് മെച്ചപ്പെട്ട ജലസേചന സൗകര്യം, നൂതന ഉപകരണങ്ങൾ, കൃഷിയെക്കുറിച്ചുള്ള നൂതന അറിവുകൾ എന്നിവ കൃഷിക്കാർക്ക് നൽകേണ്ടതാണ്. 2024-25 ബജറ്റിൽ വിവിധ കൃഷി വികസന പദ്ധതികൾക്കായി 32,10,000/- രൂപ മാറ്റി വയ്ക്കുന്നു.

മൃഗസംരക്ഷണം/ക്ഷീരവികസനം:-

കാർഷിക കേരളത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലാണ് പശുവളർത്തൽ. പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ ഇതുവരെ നമുക്ക് സാധിച്ചിട്ടില്ല. പാലിന്റെ ഉല്പാദനവും ഉപഭോഗവും വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ കാലാകാലങ്ങളായി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് വരുന്നുണ്ട്. പശുവളർത്തൽ ആദായകരമാക്കി ക്ഷീരകർഷകർക്ക് സാമൂഹിക സാമ്പത്തിക സുസ്ഥിരത കൈവരിക്കുന്നതിന് ഈ വർഷവും ഊന്നൽ നൽകുന്നു. കാലിവളർത്തൽ പ്രോൽസാഹിപ്പിച്ച് ശാസ്ത്രീയമായി ക്ഷീര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് കർഷകരെ പ്രോൽസാഹിപ്പിക്കുന്നതിന് ഒരു പരിധിവരെ ഈ പദ്ധതികൾ പ്രയോജനപ്പെടുന്നതാണ്. മൃഗ സംരക്ഷണ ക്ഷീരമേഖലയിൽ ഉൾപ്പെടുന്ന വിവിധ പദ്ധതികൾക്കായി ഈ ബജറ്റിൽ 48 ലക്ഷം രൂപ മാറ്റി വയ്ക്കുന്നു.

റോഡ് വികസനം;-

പശ്ചാത്തല മേഖലയിലെ പ്രധാന വെല്ലുവിളി ഓരോ ഗ്രാമങ്ങളും തമ്മിൽ യോജിപ്പിക്കുന്ന റോഡുകളുടെ പരിമിതിയാണ്. റോഡ് ദൈർഘ്യത്തിന്റെ കാര്യത്തിൽ നാം മുന്നിലാണെങ്കിലും റോഡുകളുടെ സ്ഥിതി മെച്ചപ്പെടുത്തേണ്ടതുണ്ട്. കാര്യക്ഷമമായ റോഡ് പശ്ചാത്തല സൗകര്യങ്ങൾ ദീർഘകാല വളർച്ചയ്ക്കും പ്രദേശത്തിന്റെ വികസനത്തിനും ഉപകരിക്കുന്നു. ഘട്ടം ഘട്ടമായി നവീകരിക്കേണ്ട റോഡുകൾ മുൻഗണനാടിസ്ഥാനത്തിൽ ഏറ്റെടുത്താണ് ഓരോ വർഷവും ഈ മേഖലയിലെ ഫണ്ട് ഉപയോഗിച്ച് ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്നത്. വിവിധ റോഡുകളുടെ വികസനത്തിനായി ഈ ബജറ്റിൽ 56, 27,000/- രൂപ മാറ്റി വയ്ക്കുന്നു.

ആരോഗ്യമേഖല:-

കേരള സംസ്ഥാനം രൂപീകരിച്ച് അര നൂറ്റാണ്ട് പിന്നിട്ടെങ്കിലും ആരോഗ്യമേഖല ഒട്ടനവധി പ്രതിസന്ധികളെയും വെല്ലുവിളികളെയും നേരിട്ടുകൊണ്ടിരിക്കുകയാണ്. പകർച്ച വ്യാധികൾ, പുതിയ സാംക്രമിക രോഗങ്ങൾ, ജീവിത ശൈലി രോഗങ്ങളുടെ വർദ്ധന തുടങ്ങിയവയാണ് ഈ മേഖല നേരിടുന്ന പ്രധാന വെല്ലുളികൾ. മാരകമായ പല രോഗങ്ങളും നാം നിർമ്മാർജ്ജനം ചെയ്തുവെങ്കിലും പുതിയ രോഗങ്ങളുടെ കടന്നുവരവ് ഈ മേഖല ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത സൂചിപ്പിക്കുന്നു ബ്ലോക്ക് പഞ്ചായത്തിന്റെ

നിയന്ത്രണത്തിലുള്ള താലൂക്ക് ആശുപത്രി, എഫ്.എച്ച്.സി, സി.എച്ച്.സി-കളുടെ വികസനത്തിനും പുതിയ പദ്ധതികൾക്കുമായി ഈ വർഷവും വലിയൊരു വിഹിതം മാറ്റിവച്ചിട്ടുണ്ട്. ആരോഗ്യമേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് 2024-25 വർഷത്തെ ഈ ബജറ്റിൽ 1,60,11,200/- രൂപ മാറ്റിവയ്ക്കുന്നു.

കുടിവെള്ള പദ്ധതികൾ :

വളരെ അമൂല്യമായതും ജീവന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതവുമായ പ്രകൃതി വിഭവമാണ് ജലം. ജനങ്ങളുടെ ആരോഗ്യവും പുരോഗതിയും ശുദ്ധമായ ജലത്തെ ആശ്രയിച്ചിരിക്കുന്നു. ജലത്തിന്റെ വിവേകപൂർവ്വമായ ഉപയോഗം മനസ്സിലാക്കി ജലസംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതുണ്ട്. പ്രകൃതിയുടെ വരദാനമായ ജലം എല്ലാവരുടെയും അവകാശമാണ്.

ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട വിവിധ പ്രദേശങ്ങൾ രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്ന വികസന ഫണ്ടിൽ വലിയൊരു വിഹിതം ഓരോ വർഷവും കുടിവെള്ള പദ്ധതികൾക്കായി മാറ്റി വയ്ക്കുന്നുണ്ട്. ഇതിലൂടെ ഒരു പരിധിവരെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിഞ്ഞു എന്നത് വലിയൊരു നേട്ടമായി ഈ ഭരണസമിതി കാണുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലെ കുടിവെള്ള പദ്ധതികൾക്കായി 41,67,835/- രൂപ മാറ്റി വയ്ക്കുന്നു.

ഭവന നിർമ്മാണം;-

വാസയോഗ്യമായ ഒരു വീട് എന്നത് ഓരോ കുടുംബത്തിന്റെയും ഒരു സ്വപ്നമാണ് എന്നതിലുപരി അടിസ്ഥാന ആവശ്യം കൂടിയാണ്. സ്വന്തം വീട്ടിൽ സുരക്ഷയോടുകൂടി ജീവിക്കാൻ ആഗ്രഹിക്കാത്തവർ ആരാണുള്ളത്. സ്വന്തമായി ഒരു വീടില്ലാത്തത് ദുഃഖകരമായ ഒരു അവസ്ഥ തന്നെയാണ് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഭവനരഹിതരായ മുഴുവൻ ആളുകൾക്കും ഭവന നിർമ്മാണം എന്നതാണ് ഈ ഭരണസമിതിയുടെ ലക്ഷ്യം. ഈ ലക്ഷ്യം നിറവേറ്റുന്നതിന് ഓരോ വർഷവും പദ്ധതി വിഹിതത്തിന്റെ ഏറ്റവും കൂടുതൽ തുക ഈ മേഖലയ്ക്ക് മാറ്റിവയ്ക്കുന്നുണ്ട്. ഭവന നിർമ്മാണ മേഖലയ്ക്ക് ഈ ബഡ്ജറ്റിൽ 1,21,73,680/- രൂപ മാറ്റിവെക്കുന്നു.

വനിതാ ശിശുക്ഷേമ വികസന പരിപാടികൾ:

വനിതകളുടെയും കുട്ടികളുടെയും ക്ഷേമത്തിന് നിരവധി പദ്ധതികൾ ഓരോ വർഷവും ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്നുണ്ട്. ഇതിലൂടെ തൊഴിലിനും വരുമാനസൃഷ്ടിക്കുമുള്ള പദ്ധതികൾ നടപ്പിലാക്കി ഈ മേഖലയിൽ ഒട്ടേറെ മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞു എന്നത്

ആശ്വാസകരമാണ്. വനിതകൾക്കും കുട്ടികൾക്കുമായുള്ള വികസനം ലക്ഷ്യമാക്കി ഈ വർഷവും പല പദ്ധതികൾക്കും തുക കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. വിവിധ വനിതാ ശിശുക്ഷേമ പദ്ധതികൾക്കായി ബജറ്റിൽ 22,92,320/- രൂപ മാറ്റി വയ്ക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസനം

സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന ഈ വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള നിരവധി പദ്ധതികൾ ഓരോ വർഷവും ഏറ്റെടുത്ത് വരുന്നുണ്ട് 24-25 വർഷം പട്ടികജാതി വിഭാഗത്തിൽ 81,68,000/- രൂപയ്ക്കും പട്ടികവർഗ്ഗ വിഭാഗത്തിൽ 3,44,000/- രൂപയ്ക്കും പദ്ധതികൾക്ക് തുക അനുവദിച്ചിരിക്കുന്നു. ഭവന നിർമ്മാണം, വിവിധ കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം, വിദ്യാർത്ഥികൾക്ക് പഠനമുറി തുടങ്ങിയ പദ്ധതികൾ ഈ മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

മാലിന്യം-ശുചിത്വ പരിപാടികൾ.

ശുചിത്വം ഒരു സംസ്ക്കാരമണ്. ശുചിത്വത്തിന്റെ കാര്യത്തിൽ കേരളീയ സമൂഹം ഏറെ ശ്രദ്ധയുള്ളവരാണ്. ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ നാം ഏറെ മുൻപന്തിയിൽ നിൽക്കുന്നു എന്ന് അവകാശപ്പെടുമ്പോഴും മാലിന്യ സംസ്ക്കരണത്തിന്റെ കാര്യത്തിൽ എത്രത്തോളം ബോധം പുലർത്തുന്നു എന്ന് ചിന്തിക്കേണ്ടതുണ്ട്. ആവർത്തിച്ചുവരുന്ന പകർച്ചവ്യാധികളും മറ്റും മാലിന്യ സംസ്ക്കരണത്തിൽ നാം പുലർത്തുന്ന ഉദാസീനത കാരണമാണെന്ന് തിരിച്ചറിയേണ്ടതുണ്ട്. നാം ജീവിക്കുന്ന ചുറ്റുപാടും അന്തരീക്ഷവും മാലിന്യ മുക്തമാക്കണമെന്ന് നാം ഓരോരുത്തരും വിചാരിക്കണം. പൊതു ശുചിത്വം മാലിന്യ സംസ്ക്കരണ പദ്ധതികൾക്കായി 55,86,000/- രൂപ വിവിധ പദ്ധതികൾക്കായി ബജറ്റിൽ മാറ്റി വയ്ക്കുന്നു.

തൊഴിലുറപ്പ് പദ്ധതി;-

അവിദഗ്ധ കായിക അധ്വാനത്തിന് തയ്യാറുള്ള ഓരോ കുടുംബത്തിനും വർഷം പരമാവധി 100 ദിവസത്തെ തൊഴിൽ നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിലൂടെ ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതുമായ ആസ്തികളുടെ നിർമ്മാണവും ലക്ഷ്യമിടുന്നു. മണ്ണ്/ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനും ഗ്രാമീണ മേഖലയിലെ പാവപ്പെട്ടവരുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതിയി ഓരോ വർഷവും നിരവധി കുടുംബങ്ങൾക്ക് ജോലി നൽകുന്നതിനും ആസ്തികൾ

സൃഷ്ടിക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. 2024 -25 വർഷം 17.7 കോടി രൂപ ചിലവഴിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പ്രത്യേക വിഭാഗങ്ങളിലും മേഖലകളിലുമായി സൂചിപ്പിച്ച പ്രവർത്തികൾ കൂടാതെ ഏറ്റെടുത്തിട്ടുള്ള പ്രധാനപ്പെട്ട പദ്ധതികൾ ചുവടെ ചേർക്കുന്നു.

1) സെക്കന്ററി പാലിയേറ്റീവ് കെയർ പദ്ധതി. - 20,00,000/-
2) വജ്ര ജൂബിലി കലാകാരന്മാർക്ക് ഫെലോഷിപ്പ് - 4,50,000/-
3) ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് - 10,00,000/-
4) വനിതാ ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം - 7,92,320/-
5) വയോജന കലാമേള - 1,00,000/-
6) വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് നിർമ്മാണം - 25,50,000/-
7) സ്ട്രീറ്റ് ലൈൻ ടീർഷിപ്പിക്കൽ -7,50,000/-
8) ലൈബ്രറികൾക്ക് വികസനം - 5,00,000/-
9) വിവിധ സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾ. - 42,75,000/

വികസന ഫണ്ടിൽ ഉൾപ്പെടുത്തിയതും ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചതുമായ ഏതാനും പ്രോജക്ടുകളുടെ വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഈ പദ്ധതികൾ കൂടാതെ ബ്ലോക്ക് പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനുള്ള നിരവധി പദ്ധതികൾ ഉൾക്കൊള്ളിച്ചാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

2024-25 വർഷം ബഹു: എം.പി.മാരുടെ പദ്ധതികളിൽ 1.30 കോടി രൂപയും ബഹു: എം.എൽ.എ.മാരുടെ പദ്ധതികളിൽ 75 ലക്ഷം രൂപയും വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ 25 ലക്ഷം രൂപയും പ്രതീക്ഷിക്കുന്നു.

2022-23 വർഷത്തെ യഥാർത്ഥ വരവ് ചെലവും 2023-24 വർഷത്തെ മാർച്ച് 31 വരെ പ്രതീക്ഷിക്കുന്ന വരവ് ചെലവും 2024-25 വർഷം പ്രതീക്ഷിക്കുന്ന വരവ് ചെലവുകളുടെയും കണക്കുകളാണ് ഇതോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്നത്. 2024 2 5 വർഷം 26, 89, 88, 748/- രൂപ വരവും 26,71,45,735/ രൂപ ചെലവും 18,43,013/- രൂപ ബാലൻസും പ്രതീക്ഷിക്കുന്ന ബജറ്റ് ബഹു: അംഗങ്ങളുടെ അഭിപ്രായത്തിനും നിർദ്ദേശത്തിനും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

തീയതി: 08/02/2024

ഒപ്പ്/-
അശോക് കുമാർ പൂതമന
വൈസ് പ്രസിഡന്റ്

Pampady Block Panchayath Draft Budget for the Financial Year 2024-2025

BUDGET STATEMENT

	PARTICULARS	Actuals for the year 2022-2023 (യഥാർത്ഥ കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024)	Budget for the Year2024-2025 (ബജറ്റ്-2024-2025)
A	Opening balance (net) (ws-1)	15,76,176	91,84,514	9,38,118
B	a) Tax revenue-നികുതി വരുമാനം (BS-1)	0	0	0
C	b) Non tax revenue-നികുതിയിതര വരുമാനം (BS-2)	38,99,627	3,65,089	4,08,130
D	Total Own Fund-ആകെ തനത് ഫണ്ട് (B+C)	38,99,627	3,65,089	4,08,130
E	c) General Purpose Fund-ജനറൽ പർപ്പസ് ഫണ്ട് (BS-3)	63,12,000	70,69,000	79,17,000
F	Total -ആകെ (D+E)	1,02,11,627	74,34,089	83,25,130
G	d) Other Grants(Plan)-മറ്റ് റവന്യൂ ഗ്രാന്റുകൾ-പദ്ധതി ചെലവുകൾക്ക് (BS-4)	17,50,01,162	26,66,31,154	25,96,65,500
H	e) Other Grants(Non-Plan)-മറ്റ് റവന്യൂ ഗ്രാന്റുകൾ-പദ്ധതി ഇതര ചെലവുകൾക്ക് (BS-5)	0	60,000	60,000
I	Toal Revenue Income -ആകെ റവന്യൂ വരവുകൾ (F+G+H)	18,52,12,789	27,41,25,243	26,80,50,630
M	Total Income -ആകെ വരവുകൾ (I+L)	18,52,12,789	27,41,25,243	26,80,50,630
N	Total Income+Net opening balance-ആകെ വരവുകളും പ്രാരംഭ ബാക്കിയും (M+A)	18,67,88,965	28,33,09,757	26,89,88,748

	PARTICULARS	Actuals for the year 2022-2023 (യഥാർത്ഥ കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് -2023-2024)	Budget for the Year2024-2025 (ബജറ്റ്-2024-2025)
O	Revenue Expenditure-Statutory functions-റവന്യൂ ചെലവുകൾ-അനിവാര്യ ചുമതലകൾക്ക് (BS-8)	44,70,084	50,30,504	52,99,200
P	Revenue Expenditure-Plan-റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതി ചെലവുകൾ (BS-9)	17,31,04,367	27,72,81,135	26,17,86,535
Q	Revenue Expenditure-Non-Plan-റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതിയേതര ചെലവുകൾ (BS-10)	30,000	60,000	60,000
R	Total Revenue Expenditure -ആകെ റവന്യൂ ചെലവുകൾ (O+P+Q)	17,76,04,451	28,23,71,639	26,71,45,735
S	Capital Expenditure -Loan repayments-മൂലധന ചെലവുകൾ-വായ്പ തിരിച്ചടവ് (BS-11)	0	0	0
T	Capital expenditure other than loan repayments -മറ്റ് മൂലധന ചെലവുകൾ (BS-12)	0	0	0
U	Total Capital Expenditure -ആകെ മൂലധന ചെലവുകൾ ചെലവുകൾ (S+T)	0	0	0
V	Total Expenditure -ആകെ ചെലവുകൾ (R+U)	17,76,04,451	28,23,71,639	26,71,45,735
W	Closing Balance-നീക്കി ബാക്കി (N-V)	91,84,514	9,38,118	18,43,013

BS-2- -REVENUE INCOME-NON-TAX- (നികുതിയിതര വരവുകൾ)

DETAILED HEAD CODE	PARTICULARS (ഇനവിവരം)	Actuals for the year 2022-2023 (യഥാർത്ഥ കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024)	Budget for the Year2024-2025 (ബജറ്റ്-2024-2025)
130 - Rental Income from Panchayat Properties				
1301001	Rent from Land and Buildings-സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും വാടക	3,24,266	3,15,839	3,31,630
1303001	Rent from Auditoriums and Halls-ആഡിറ്റോറിയം/ഹാൾ വാടക	750	11,250	15,000
1308001	Other Rents- മറ്റ് വാടകകൾ	0	0	0
130	Total Rental Income from Panchayat Properties	3,25,016	3,27,089	3,46,630

BS-2 PARTICULARS		Actuals for the year 2022-2023 (യഥാർത്ഥ കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024)	Budget for the Year2024-2025 (ബജറ്റ്-2024-2025)
140 - Fees & User Charges				
1401001	Empanelment & Registration Charges/ Fees-രജിസ്ട്രേഷൻ ചാർജ്/ഫീസ്	0	0	0
1402001	Penalties and Fines-ഫൈൻ	13,499	15,000	16,500
1404001	Miscellaneous Fees-മറ്റ് ഫീസുകൾ	0	0	0
1405001	User Charges Collected-യൂസർ ചാർജ്	0	0	0
1407001	Service/ Administrative Charges-സർവ്വീസ്/അഡ്മിനിസ്ട്രേടിവ് ചാർജുകൾ	35,46,277	0	0
140	Total Fees & User Charges	35,59,776	15,000	16,500

BS-2 PARTICULARS		Actuals for the year 2022-2023 (യഥാർത്ഥ കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024)	Budget for the Year2024-2025 (ബജറ്റ്-2024-2025)
150 - Sale & Hire Charges				
1501001	Sale of Products-ഉൽപ്പന്നങ്ങളുടെ വില	0	0	0
1501101	Sale of Forms-ഫാറം വില	14,835	18,000	20,000
1501201	Sale of stores & Scrap-ഉപയോഗശൂന്യമായ വസ്തുക്കളുടെ വിൽപ്പന	0	5,000	25,000
1503001	Miscellaneous Sales--മറ്റ് വസ്തുക്കളുടെ വിൽപ്പന	0	0	0
1504001	Hire Charges of Vehicles-വാഹന വാടക	0	0	0
1504101	Hire Charges of Tools, Machinery and Equipment-ഉപകരണങ്ങളുടെ വാടക	0	0	0
150	Total-Sale & Hire Charges	14,835	23,000	45,000
Total-Non tax revenue-ആകെ നികുതിയിതര വരവുകൾ		**38,99,627**	**3,65,089**	**4,08,130**

BS-3- GENERAL PURPOSE FUND- ജനറൽ പർപ്പസ് ഫണ്ട്)

DETAILED HEAD CODE	PARTICULARS (ഇനവിവരം)	Actuals for the year 2022-2023 (യഥാർത്ഥ കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024)	Budget for the Year2024-2025 (ബജറ്റ്-2024-2025)
1601005	General purpose fund-ജനറൽ പർപ്പസ് ഫണ്ട്	63,12,000	70,69,000	79,17,000
160	Total-General purpose fund-ജനറൽ പർപ്പസ് ഫണ്ട്	63,12,000	70,69,000	79,17,000

BS-4 -REVENUE INCOME-PLAN GRANTS- (പദ്ധതി ചെലവുകൾക്കു വേണ്ടിയുള്ള ഗ്രാന്റ്/ഫണ്ട്/വിഹിതം - റവന്യൂ വരവുകൾ)				
DETAILED HEAD CODE	PARTICULARS (ഇനവിവരം)	Actuals for the year 2022-2023 (യഥാർത്ഥ കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024)	Budget for the Year2024-2025 (ബജറ്റ്-2024-2025)
3111001	Special Funds-പ്രത്യേക ഫണ്ട്	0	0	0
3112002	Development Fund for Transfer to Other LSGIs for Joint Venture Project - for Revenue Expenditure - സംയോജിത പദ്ധതികൾക്കുള്ള വികസന ഫണ്ട് വിഹിതം-റവന്യൂ ചെലവുകൾക്ക്	29,60,513	37,60,000	40,00,000
3117101	Trust or Agency Funds-ട്രസ്റ്റ്/ഏജൻസി ഫണ്ടുകൾ	0	0	0
3201001	Grants, Funds & Contributions for Specific Purposes - centrally sponsored Schemes-കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും	11,45,24,000	17,07,84,000	16,51,48,500
3202001	Development Fund - General - Revenue-വികസന ഫണ്ട് - പൊതുവിഭാഗം - റവന്യൂ ചെലവുകൾക്കായുള്ള വരവുകൾ	2,20,34,232	2,80,14,000	2,91,51,000
3202001	Development Fund - SCSP -Revenue -വികസന ഫണ്ട് - പട്ടികജാതി ഘടകപദ്ധതി - റവന്യൂ ചെലവുകൾക്കായുള്ള വരവുകൾ	71,25,936	81,68,000	81,68,000

3202001	Development Fund - TSP - Revenuel -വികസന ഫണ്ട് - പട്ടികവർഗ്ഗഘടകപദ്ധതി - റവന്യൂ ചെലവുകൾക്കായുള്ള വരവുകൾ	2,29,500	3,44,000	3,44,000
3202001	Development Fund - CFC - Revenue -വികസന ഫണ്ട് - കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ്- റവന്യൂ ചെലവുകൾക്കായുള്ള വരവുകൾ	1,14,68,000	1,15,97,000	1,22,78,000
3202001	Maintenance Fund - Non Road Assets - Revenue - സംരക്ഷണച്ചെലവ് - റോഡ് ഇതര ആസ്തികൾ-- റവന്യൂ ചെലവുകൾക്കായുള്ള വരവുകൾ	67,72,094	1,50,74,000	1,70,76,000
3202003	Grants, Funds & Contributions for Specific Purposes - Other than Development Fund and State Sponsored Scheme Funds - Other purposes-വികസന ഫണ്ടുംസംസ്ഥാനാവിഷ്കൃത ഫണ്ടും ഒഴികെ മറ്റ് ആവശ്യങ്ങൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും	89,06,887	1,96,83,154	2,30,00,000
3203001	Grants, Funds & Contributions for Specific Purposes - Other Government Agencies മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും	8,80,000	88,07,000	0
3207003	Contributions for Other Specific Purposes (for Revenue Expenditure)-പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള വിഹിതം(റവന്യൂ ചെലവുകൾക്ക്)	0	3,00,000	4,00,000
3207004	Contributions for Other Specific Purposes (for Revenue Expenditure)-പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള വിഹിതം(റവന്യൂ ചെലവുകൾക്ക്)	1,00,000	1,00,000	1,00,000
311	Revenue Grants, Funds, Contributions & Compensations-	17,50,01,162	26,66,31,154	25,96,65,500

BS-5-REVENUE INCOME- NON PLAN GRANTS- (പദ്ധതിയിതര ചെലവുകൾക്കു വേണ്ടിയുള്ള ഗ്രാന്റ്/ഫണ്ട്/വിഹിതം - വരവുകൾ)				
DETAILED HEAD CODE	PARTICULARS (ഇനവിവരം)	Actuals for the year 2022-2023 (യഥാർത്ഥ കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് - 2023-2024)	Budget for the Year2024-2025 (ബജറ്റ്-2024-2025)
1601003	State Sponsored Schemes (not included under Decentralised Plan Programme)സംസ്ഥാന ആവിഷ്കൃത പരിപാടികൾക്കുള്ള വരവുകൾ	0	60,000	60,000
160	Total-Revenue Grants, Funds, Contributions & Compensations	0	60,000	60,000
BS-8-Revenue Expenditure-Mandatory functions- (അനിവാര്യ ചുമതലകൾക്കു വേണ്ടിയുള്ള വകയിരുത്തലുകൾ)				
DETAILED HEAD CODE	PARTICULARS (ഇനവിവരം)	Actuals for the year 2022-2023 (യഥാർത്ഥ കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024)	Budget for the Year2024-2025 (ബജറ്റ്-2024-2025)
210 - Establishment Expenses-				
2101001	Salaries-ശമ്പളം	36,660	0	0
2101002	Wages-കൂലി	9,58,083	13,83,497	14,53,000
2102001	Travelling Allowances-യാത്രാ ബത്ത	33,248	30,000	30,000
2102002	Other Benefits and Allowances-മറ്റ് ബത്തകൾ	3,852	2,946	3,200
2102003	Monthly Honorarium of Elected Representatives-ജനപ്രതിനിധികൾക്കുള്ള ഓണറെ റിയം	16,27,244	16,62,300	17,50,000
2102004	Sitting Fee of Elected Representatives-ജനപ്രതിനിധികൾക്കുള്ള സിറ്റിംഗ് ഫീ	1,07,400	1,06,450	1,20,000
2102005	Travelling Allowance of Elected Representatives-ജനപ്രതിനിധികൾക്കുള്ള യാത്ര ബത്ത	14,002	55,000	60,000
2103002	Leave Salary Contributions-അവധി ശമ്പളം	0	0	0
2104001	Other Terminal & Retirement Benefits-മറ്റ് സേവന വിരാമ ആനുകൂല്യങ്ങൾ	0	0	0
210	Total-Establishment Expenses-ജീവനക്കാര്യത്തിലേക്കുള്ളചെലവുകൾ -ആകെ	27,80,489	32,40,193	34,16,200

BS-8 PARTICULARS		Actuals for the year 2022-2023 (യഥാർത്ഥ കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024)	Budget for the Year2024-2025 (ബജറ്റ്-2024-2025)
220 - Administrative Expenses-ഭരണ ചെലവുകൾ				
2201001	Rent-വാടക	0	0	0
2201002	Rates-	1,34,052	1,12,000	1,15,000
2201003	Taxes-നികുതി	0	0	0
2201101	Office Maintenance-ഓഫീസ് ചെലവുകൾ	1,19,172	1,27,931	1,40,000
2201201	Communication Expenses-വാർത്താ വിനിമയ ചെലവുകൾ	61,561	65,226	70,000
2202001	Books & Periodicals-പുസ്തകങ്ങളും ആനുകാലികങ്ങളും	0	0	5,000
2202101	Printing & Stationery-അച്ചടിയും സ്റ്റേഷനറിയും	55,587	95,000	1,05,000
2204001	Insurance and Registration-ഇൻഷുറൻസ്/രജിസ്ട്രേഷൻ	26,285	25,403	28,000
2205001	Audit Fees-ഓഡിറ്റ് ഫീ	0	0	0
2205101	Legal Expenses-നീതി ന്യായസേവനങ്ങൾക്കുള്ള ചെലവുകൾ	0	25,000	25,000
2205201	Professional & Other Fees-പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ചെലവുകൾ	21,630	33,294	35,000
2206001	Advertisement & Publicity-പരസ്യവും പ്രചരണവും	56,618	49,916	60,000
2206101	Membership & Subscriptions-മെമ്പർഷിപ്/വരിസംഖ്യ	0	10,000	10,000
2207001	Election Expenses-തെരഞ്ഞെടുപ്പ് ചെലവുകൾ	0	0	0
2207101	Extra - ordinary Expenses-അസാധാരണ ചെലവുകൾ	2,09,622	1,30,000	1,45,000
2208001	Miscellaneous Administrative Expenses-മറ്റ് ഭരണ ചെലവുകൾ	4,26,137	1,90,000	2,00,000
220	Total-Administrative Expenses-ഭരണ ചെലവുകൾ-ആകെ	11,10,664	8,63,770	9,38,000

BS-8 PARTICULARS		Actuals for the year 2022-2023 (യഥാർത്ഥ കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024)	Budget for the Year2024-2025 (ബജറ്റ്-2024-2025)
230 - Operations & Maintenance-സംരക്ഷണവും നടത്തിപ്പും				
2301001	Power-വൈദ്യുതി/ഊർജം	21,900	11,283	13,000
2301002	Diesel, Petrol, Gas & Lubricants- ഡീസൽ പെട്രോൾ , ഓയിൽ , ലൂബ്രിക്കന്റ്	1,84,469	1,92,561	2,10,000
2301101	Water Charges for Drinking Water Schemes-വാട്ടർ ചാർജ്	0	0	0
2303001	Consumption of Stores	0	0	0
2304001	Hire Charges-വാടക	1,35,237	4,70,000	4,32,000
2305008	Repairs & Maintenance - Waste Treatment-സംരക്ഷണവും അറ്റകുറ്റപ്പണികളും-മാലിന്യ നിർമാർജന പദ്ധതികൾ	0	0	0
2305009	Repairs & Maintenance - Movable Assets-സംരക്ഷണവും അറ്റകുറ്റപ്പണികളും-ജംഗമ ആസ്തികൾ	2,28,177	2,52,697	2,70,000
2305099	Repairs & Maintenance -Other Fixed Assets-സംരക്ഷണവും അറ്റകുറ്റപ്പണികളും-മറ്റ് സ്ഥിര ആസ്തികൾ	0	0	0
2308001	Other Operating and maintenance expenses-മറ്റ് നടത്തിപ്പ്/മെയിന്റനൻസ് ചെലവുകൾ	9,148	0	20,000
230	Total-Operations & Maintenance-നടത്തിപ്പ്/സംരക്ഷണ ചെലവുകൾ-ആകെ	5,78,931	9,26,541	9,45,000
TOTAL STATUTORY EXPENDITURE-അനിവാര്യ ചെലവുകൾ ആകെ		**44,70,084**	**50,30,504**	**52,99,200**

BS-9-Revenue Expenditure-PLAN - (പ്ലാൻ റവന്യൂ ചെലവുകൾക്കു വേണ്ടിയുള്ള വകയിരുത്തലുകൾ)

DETAILED HEAD CODE	PARTICULARS (ഇനവിവരം)	Actuals for the year 2022-2023 (യഥാർത്ഥ കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024)	Budget for the Year2024-2025 (ബജറ്റ്-2024-2025)
250 - Decentralised Plan Programme - Productive Sector				
2501001	Agriculture and Related Sectors - Paddy-കൃഷിയും അനുബന്ധ മേഖലകളും -നെൽകൃഷി	0	11,00,000	0
2501002	Agriculture and Related Sectors - Other crops-കൃഷിയും അനുബന്ധ മേഖലകളും- മറ്റ് വിളകൾ	15,00,000	10,00,000	15,10,000
2501003	Agricultural Development Programs-മറ്റ് കാർഷിക വികസന പരിപാടികൾ	0	5,00,000	0
2501009	Agriculture and Related Sectors - Coconut-കൃഷിയും അനുബന്ധ മേഖലകളും-തെങ്ങ് കൃഷി	0	5,00,000	0
2501028	Agriculture and Related Sectors - Marketing-കൃഷിയും അനുബന്ധ മേഖലകളും-ക്കർഷിക വിപണനം	2,16,143	0	0
2501031	Animal Husbandry -Cow-മൃഗ സംരക്ഷണം-പശു വളർത്തൽ	30,00,000	40,00,000	29,00,000
2501035	Animal Husbandry -Poultry- മൃഗ സംരക്ഷണം-മുട്ട കോഴി/താറാവ് വളർത്തൽ	0	3,00,000	0
2501039	Animal Husbandry -Infrastructure-മൃഗസംരക്ഷണം-പശ്ചാത്തല സൌകര്യങ്ങൾ	1,53,410	1,46,950	0
2501046	Dairy Development -Storage and Marketing-ക്ഷീര വികസനം-സംഭരണവും വിപണനവും	5,00,000	0	0
2501047	Dairy Development -Machinary and Equipment-ക്ഷീര വികസനം-യന്ത്രങ്ങളും പെകരണങ്ങളും	6,56,293	7,00,000	2,00,000

2501048	Dairy Development -Infrastructure-ക്ഷീര വികസനം-പശ്ചാത്തല സൌകര്യങ്ങൾ	0	0	17,00,000
2502002	Minor Irrigation-ചെറുകിട ജലസേചനം	0	27,00,000	0
2503015	Service Enterprises-സേവന സംരംഭങ്ങൾ	2,50,000	0	0
250	Total-Decentralised Plan Programme - Productive Sector-ഉത്പാദന മേഖല ആകെ	62,75,846	1,09,46,950	63,10,000
	BS-9 PARTICULARS	Actuals for the year 2022-2023 (യഥാർത്ഥ കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024)	Budget for the Year2024-2025 (ബജറ്റ്-2024-2025)
251 - Decentralised Plan Programme - Service Sector-സേവന മേഖല				
2511007	Sports-സ്പോർട്സ്	0	0	0
2511008	Youth Welfare-യുവജനക്ഷേമം	0	2,39,562	1,50,000
2511009	Reading Rooms and Libraries-വായന ശാലകളും റീഡിംഗ് റൂമുകളും	6,27,590	16,25,000	5,00,000
2511010	Arts and Culture-കല-സംസ്കാരം	2,99,996	0	0
2511013	Education-Related Activities-വിദ്യാഭ്യാസ - അനുബന്ധ പ്രവർത്തനങ്ങൾ	34,000	0	0
2511019	Arts,Culture,Sports and Youth Welfare-Promotion-കല-സംസ്കാരം-സ്പോർട്സ്-യുവജന ക്ഷേമം-പ്രോത്സാഹന പരിപാടികൾ	2,99,996	10,57,243	12,50,000
2511020	Arts,Culture,Sports and Youth Welfare-Infrastructure-കല-സംസ്കാരം-സ്പോർട്സ്-യുവജനക്ഷേമം-പശ്ചാത്തല സൌകര്യങ്ങൾ	5,33,628	3,75,000	0
2512002	Public Health Programs -പൊതു ആരോഗ്യ പരിപാടികൾ	15,83,227	27,57,000	32,50,000
2512003	Health related Special Programs -പ്രത്യേക ആരോഗ്യ പരിപാടി	0	0	0
2512004	Medicines-മരുന്നുകൾ	16,00,000	15,00,000	20,00,000
2512005	Hospital Waste Management-ആസ്പത്രി മാലിന്യ പരിപാലനം	0	80,29,000	0
2512008	Drinking Water-കുടിവെള്ളം	50,14,847	62,40,060	41,67,835

2512009	Sanitation-ശുചിത്വം	22,29,102	43,92,061	15,90,000
2512010	Health Sub centers-ആരോഗ്യ ഉപകേന്ദ്രങ്ങൾ	0	0	0
2512011	Community Health Sub centers-കമ്മ്യൂണിറ്റി ഹെൽത്ത് സബ് സെന്റർ	47,886	8,80,000	0
2512012	Taluk Hospitals Allopathy-താലൂക് ആസ്പത്രി-അലോപതി	12,00,000	0	0
2512026	Sanitation & Waste Management - Public-പൊതു ശുചിത്വം-മാലിന്യ പരിപാലനം	3,14,942	0	39,96,000
2512027	Crematorium- ശ്മശാനങ്ങൾ	0	0	0
2513001	Housing-ഭവന നിർമാണം	91,04,700	90,77,000	1,18,29,680
2513005	Programs for the Aged-വൃദ്ധക്ഷേമ പരിപാടികൾ	0	1,00,000	2,00,000
2513006	Programs for Physically/ Mentally Challenged-ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പരിപാടികൾ	17,65,000	31,65,000	15,50,000
2513008	Total Poverty Alleviation Programs-ദാരിദ്ര്യ ലഘൂകരണ പരിപാടികൾ	0	1,30,000	2,00,000
2513009	Women's Welfare Programs-വനിതാ ക്ഷേമ പരിപാടി	6,18,953	15,94,190	7,92,320
2513010	Special Programs for Scheduled Castes-പട്ടിക ജാതി ക്ഷേമ ത്തിനുള്ള പ്രത്യേക പരിപാടികൾ	44,27,011	52,00,479	65,00,000
2513011	Special Programs for Scheduled Tribes -പട്ടിക വർഗ ക്ഷേമ ത്തിനുള്ള പ്രത്യേക പരിപാടികൾ	0	3,59,167	3,44,000
2514001	Development Programs for Women and Children - വനിതാ ശിശു ക്ഷേമ പരിപാടികൾ	0	0	5,00,000
2514101	Anganwadi Nutrition-അംഗൻവാടി പോഷകാഹാര പരി പാടി	10,00,000	5,00,000	10,00,000
2514201	Anganwadi Infrastructure-അംഗൻവാടി പശ്ചാത്തല സൌകര്യങ്ങൾ	5,00,000	5,00,000	0
2516005	General Economic Services- Plan Formulation, Monitoring and Evaluation-പദ്ധതി രൂപീകരണം ,മോണിറ്റിംഗ്	2,15,786	1,00,000	3,10,000
2516006	General Economic Services- Good Governance -സൽ ഭരണം	0	0	1,00,000

2516102	Vocational Capacity Building - Institutional Development-തൊഴിൽ നൈപുണ്യ വികസനം - സ്ഥാപനങ്ങളുടെ വികസനം	1,40,459	0	6,50,000
2516201	Energy Conservation-ഊർജ സംരക്ഷണം	0	0	0
2516202	Energy Conservation - Non-Conventional Energy-ഊർജ സംരക്ഷണം-പാരമ്പര്യേതര ഊർജ സ്രോതസ്സുകൾ	0	45,00,000	20,00,000
2516301	Electricity Line Extension-വൈദ്യുത ലൈൻ നീട്ടൽ	27,56,015	7,63,325	17,50,000
2516502	Transferred Institution Service Delivery Improvement-ഘടക സ്ഥാപനങ്ങളിൽ നിന്നുള്ള സേവന സൌകര്യങ്ങൾ വർധിപ്പിക്കൽ	0	1,40,000	15,50,000
251	Total-Decentralised Plan Programme - Service Sector	3,40,13,142	5,32,24,087	4,61,79,835
	BS-9 PARTICULARS	Actuals for the year 2022-2023 (യഥാർത്ഥ കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024)	Budget for the Year2024-2025 (ബജറ്റ്-2024-2025)
	252 - Decentralised Plan Programme - Infrastructure Sector			
2521001	Energy - Electrification of Street Lights-തെരുവ് വിളക്കുകളുടെ വൈദ്യുതീകരണം	0	22,12,000	25,50,000
2521002	Energy - Other Electrification Programs-മറ്റ് വൈദ്യുതീകരണ പ്രവർത്തനങ്ങൾ	11,68,500	0	0
2522001	Roads-റോഡുകൾ	22,59,936	68,73,800	56,27,000
2522002	Lanes -ലയിനുകൾ	0	0	0
2522003	Bridges-പാലങ്ങൾ	0	0	0
2523001	Public Buildings- പൊതു കെട്ടിടങ്ങൾ	0	10,00,000	0
2523002	Public Buildings - Other Buildings-പൊതു കെട്ടിടങ്ങൾ-മറ്റ് കെട്ടിടങ്ങൾ	0	0	5,00,000
2523201	Purchase of Vehicles-വാഹനങ്ങൾ വാങ്ങൽ	0	0	0
252	Total-Decentralised Plan Programme - Infrastructure Sector	34,28,436	1,00,85,800	86,77,000

BS-9 PARTICULARS		Actuals for the year 2022-2023 (യഥാർത്ഥ കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024)	Budget for the Year2024-2025 (ബജറ്റ്-2024-2025)
253 - Projects not included in Sector Division				
2531012	Payments to IKM-ഐ.കെ.എംനുള്ള പണം നൽകൽ	0	59,000	60,000
2531013	Payments to KILA-കിലക്കുള്ള പണം നൽകൽ	0	0	0
253	Total-Projects not included in Sector Division	0	59,000	60,000
255 - Maintenance Projects				
2552002	Maintenance Projects - Non Road Assets- Transferred Institutions - Animal Husbandry-റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -മൃഗ സംരക്ഷണം	0	10,000	0
2552005	Maintenance Projects - Non Road Assets- Transferred Institutions - Social Welfare-റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ സാമൂഹ്യ ക്ഷേമം	0	10,000	0
2552006	Maintenance Projects - Non Road Assets- Transferred Institutions -Allopathy (Hospitals/Dispensaries) റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -ആശുപത്രി/ഡിസ്പന്സറി - അലോപ്പതി	34,23,056	57,96,144	1,07,61,200
2552013	Maintenance Projects - Non Road Assets- Transferred Institutions - Development of Scheduled Castes-- റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -പട്ടിക ജാതി വികസനം	0	10,000	0

2552016	Maintenance Projects - Non Road Assets- Transferred Institutions - Others--റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -മറ്റ് ഘടക സ്ഥാപനങ്ങൾ	0	6,22,000	16,50,000
2552017	Maintenance Projects - Non Road Assets- Other Transferred Assets--റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -മറ്റ് ആസ്തികൾ	16,53,000	0	0
255	Total-Maintenance Projects-മെയിന്റനൻസ് പ്രോജക്ടുകൾ-ആകെ	50,76,056	64,48,144	1,24,11,200
2561001	Other Revenue Grants and funds- Revenue Expenses-മറ്റ് റവന്യൂ ഗ്രാന്റുകളും ഫണ്ടുകളും	12,43,10,887	19,65,17,154	18,81,48,500
256	Other Revenue Grants and funds- Revenue Expenses-Total-മറ്റ് റവന്യൂ ഗ്രാന്റുകളും ഫണ്ടുകളും-ആകെ	12,43,10,887	19,65,17,154	18,81,48,500
Total-Revenue Expenditure-PLAN-പ്ലാൻ റവന്യൂ ചെലവുകൾ ആകെ		17,31,04,367	27,72,81,135	26,17,86,535

BS-10- Revenue Expenditure-B FUND & STATE SPONSORED SCHEMES -(നോൺ-പ്ലാൻ റവന്യൂ ചെലവുകൾക്ക് വേണ്ടിയുള്ള വകയിരുത്തലുകൾ)

DETAILED HEAD CODE	PARTICULARS (ഇനവിവരം)	Actuals for the year 2022-2023 (യഥാർത്ഥ കണക്ക് 2022-2023)	Budget for the year (including all revisions) 2023-2024 (പരിഷ്കരിച്ച ബജറ്റ് 2023-2024)	Budget for the Year2024-2025 (ബജറ്റ്-2024-2025)
2541001	Expenditures of Transferred Institutions (not included under Decentralised Plan Programme)-ഘടക സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള നോൺ പ്ലാൻ ചെലവുകൾ	30,000	60,000	60,000
2542001	State Sponsored Schemes (not included under Decentralised Plan Programme)-സംസ്ഥാന ആവിഷ്കൃത പദ്ധതികൾക്കുള്ള നോൺ പ്ലാൻ ചെലവുകൾ	0	0	0
254	Total-Expenditures of Transferred Institutions (not included under Decentralised Plan Programme)	30,000	60,000	60,000

2024-25 BUDGET ABSTRACT

Sl No	Item	2023-24		2024-25	
		Receipts	Expenditure	Receipts	Expenditure
1	Opening balance	9184514	15740485	938118	7480235
2	Rent/sale of forms etc	365089		408130	
3	General purpose fund	7069000		7917000	
4	Dev Fund GL	28014000	28014000	29151000	29151000
5	SCP	8168000	8168000	8168000	8168000
6	TSP	344000	344000	344000	344000
7	CFC fund	11597000	11597000	12278000	12278000
8	Dist/Gramma pt share	3760000	3760000	4000000	4000000
9	Maintenance fund	15074000	15074000	17076000	17076000
10	MP LAD	12252665	12252665	13000000	13000000
11	MLASDF	6230489	6230489	7500000	7500000
12	NC FLOOD	1200000	1200000	2500000	2500000
13	Keralolsavom	100000	100000	100000	100000
14	TSC	0	0	0	0
15	PMAY	0	0	0	0
16	NREGA	170784000	170784000	165148500	165148500
17	Health Grant	2757000	2757000	0	0
18	State sponsored schemes	300000	300000	400000	400000
19	Suchitwa Keralam Fund	6050000	6050000		
20	B Fund	60000	60000	60000	60000
	Total	*283309757*	*282371639*	*268988748*	*267145735*